ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22.08.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ജനക്ഷേമം, വളർച്ച, വികസനം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ് കേന്ദ്ര സർക്കാരിന്റെ നയങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says the policies of the Central Government prioritise welfare, growth and development.**

2. ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗം ഇന്ന് വിശാഖപട്ടണത്ത്; കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അധ്യക്ഷനാകും.

   **BRICS Youth Affairs Ministers' Meeting to be held in Visakhapatnam today; Union Minister Mansukh Mandaviya will chair the meeting.**

3. ഇന്ത്യയിലെയും യുകെയിലെയും സായുധ സേനകൾ തമ്മിലുള്ള ഉഭയകക്ഷി സഹകരണം വിപുലീകരിക്കാൻ ഡൽഹിയിലെ നിർണായക യോഗത്തിൽ ധാരണ.

   **India and the UK agree to expand bilateral cooperation between their armed forces at a crucial meeting in New Delhi.**

4. 72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കൊരുങ്ങി പുന്നമടക്കായൽ; മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ആലപ്പുഴ ജില്ലയിൽ ഇന്ന് പ്രാദേശിക അവധി.

   **72nd Nehru Trophy Boat Race set to take place at Punnamada Lake; Chief Minister V. D. Satheesan will inaugurate the event. Local holiday declared in Alappuzha district today.**

5. ആഭ്യന്തര ആവശ്യം നിറവേറ്റുന്നതിനുള്ള പഞ്ചസാര ശേഖരം രാജ്യത്ത് ഉറപ്പാക്കിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ.

**Central Government assures that adequate sugar stocks have been maintained to meet domestic demand.**

6. **FIH ഹോക്കി ലോകകപ്പിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും.**
   **In the FIH Hockey World Cup, the Indian men's team will take on hosts the Netherlands today.**

## PREZ-TEACHERS AWARD

രാഷ്ട്രപതി ദ്രൗപദി മുർമു, രാജ്യത്തെ 48 അധ്യാപകർക്ക് അധ്യാപക ദിനമായ സെപ്റ്റംബർ 5-ന് ദേശീയ അധ്യാപക പുരസ്കാരങ്ങൾ സമ്മാനിക്കും. സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പ് ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിലായി നടത്തിയ മൂന്ന് ഘട്ടങ്ങളുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് അധ്യാപകരെ തിരഞ്ഞെടുത്തതെന്ന് വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. ന്യൂഡൽഹിയിൽ നടക്കുന്ന പുരസ്കാര വിതരണ ചടങ്ങ് ദൂരദർശനിലും വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്വയം പ്രഭ ചാനലുകളിലും തത്സമയം സംപ്രേഷണം ചെയ്യും.

****************************************

## VP-MALHAR EVENT

സാംസ്കാരിക പാരമ്പര്യം രാജ്യത്തെ ഒന്നിപ്പിക്കുന്ന ശക്തമായ കണ്ണിയാണെന്നും ഇന്ത്യയുടെ സാംസ്കാരിക വേരുകൾ സംരക്ഷിക്കപ്പെടണമെന്നും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ 'അന്തർ-ഹൃദയ് കണക്റ്റ് മൽഹാർ' പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസ്ഥയെ പരിഷ്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ക്ഷമയോടും ഉത്തരവാദിത്തത്തോടും കൂടി സംഭാവന നൽകാൻ ഉപരാഷ്ട്രപതി യുവജനങ്ങളോട് ആഹ്വാനം ചെയ്തു.

****************************************

## PM-ECONOMIC FORUM (INTRO)

ജനക്ഷേമം, വളർച്ച, വികസനം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ് കേന്ദ്ര സർക്കാരിന്റെ നയങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ഇന്നലെ 'ഇക്കണോമിക് ടൈംസ് വേൾഡ് ലീഡേഴ്സ് ഫോറ'ത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണതലത്തിലുള്ള പരിഷ്കാരങ്ങൾക്ക് മുൻഗണന നൽകുന്ന വ്യക്തമായ കർമ്മപദ്ധതി സർക്കാർ തയ്യാറാക്കിയതായി പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്.....)

വിഭവങ്ങളെ ആയുധങ്ങളാക്കി പ്രവർത്തിക്കുന്നത് ലോകത്ത് പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇത്തരം സാഹചര്യങ്ങളിലും, പ്രതീക്ഷയുടെയും വളർച്ചയുടെയും കേന്ദ്രമായാണ് ലോകം ഇന്ത്യയെ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

*****************************************

## WB-AMIT SHAH

അനധികൃത കുടിയേറ്റത്തോട് വിട്ടുവീഴ്ചയില്ലാത്ത നയമാണ് സർക്കാരിനുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. അനധികൃത കുടിയേറ്റക്കാരെ തിരിച്ചറിയുന്നതിനും നാടുകടത്തുന്നതിനുമുള്ള നടപടികൾ കർശനമായി പാലിക്കുമെന്നും അദ്ദേഹം പറഞ്ഞു. പശ്ചിമ ബംഗാളിലെ സിലിഗുരിയിൽ സശസ്ത്ര സീമ ബൽ ആസ്ഥാനത്ത്, 189 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

*****************************************

## BRICS - YOUTH MINISTERS

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെയും കായിക മന്ത്രിമാരുടെയും യോഗങ്ങൾക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കും. ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗം ഇന്നും, കായിക മന്ത്രിമാരുടെ യോഗം നാളെയുമായാണ് നടക്കുക. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ യോഗങ്ങളിൽ അധ്യക്ഷത വഹിക്കും. യുവജനക്ഷേമ, കായിക മേഖലകളിലെ സഹകരണം ശക്തമാക്കുന്നതിനായി ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുമുള്ള മന്ത്രിമാരും പ്രതിനിധിസംഘ തലവന്മാരും യോഗങ്ങളിൽ പങ്കെടുക്കും.

****************************************

## INDIA UK-DEFENCE TIES

ഇന്ത്യയിലെയും യുകെയിലെയും സായുധ സേനകൾ തമ്മിലുള്ള ഉഭയകക്ഷി സഹകരണം വിപുലീകരിക്കാൻ ഡൽഹിയിൽ നടന്ന നിർണായക യോഗത്തിൽ ധാരണ. ഇരുപത്തിയഞ്ചാമത് ഇന്ത്യ-യുകെ ഡിഫൻസ് കൺസൾട്ടേറ്റീവ് ഗ്രൂപ്പ് യോഗത്തിൽ, ഇന്ത്യയുടെ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗും യുകെ പ്രതിരോധ വിഭാഗം ഉദ്യോഗസ്ഥൻ ജെറമി പോക്ക്ലിംഗ്ടണും സംയുക്ത അധ്യക്ഷത വഹിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ-വ്യവസായ സഹകരണം അവലോകനം ചെയ്ത യോഗം ഇൻഡോ-പസഫിക് മേഖലയിലെ സമുദ്ര സുരക്ഷാ സഹകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും എടുത്തുപറഞ്ഞു.

****************************************

## ONAM

തിരുവോണത്തിന് ഇനി നാല് നാളുകൾ മാത്രം. നാടെങ്ങും ആവേശകരമായ ഓണാഘോഷ പരിപാടികൾ പുരോഗമിക്കുകയാണ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ എല്ലാ മലയാളികൾക്കും ഓണാശംസകൾ നേർന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓണാവധി ആരംഭിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും വ്യാജമദ്യം, ലഹരിക്കടത്ത് എന്നിവ തടയുന്നതിനായും ചെക്ക് പോസ്റ്റുകളിലും റോഡുകളിലും വാഹന പരിശോധനയും ബോർഡർ പട്രോളിംഗും ശക്തമാക്കി.

****************************************

## NEHRU TROPHY

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ പൂർണ്ണം. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് ഉദ്ഘാടനം നിർവഹിക്കും. കർണാടക മുഖ്യമന്ത്രി ഡി കെ ശിവകുമാർ മുഖ്യാതിഥിയാകും. പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. നെഹ്റു ട്രോഫിയോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

****************************************

## ADEQUATE SUGAR STOCKS

ആഭ്യന്തര ആവശ്യം നിറവേറ്റുന്നതിനായി രാജ്യത്ത് പഞ്ചസാരയുടെ ലഭ്യത ഉറപ്പാക്കുമെന്ന് കേന്ദ്ര സർക്കാർ. പഞ്ചസാര വിലയിലെ സമീപകാല വർദ്ധനവ് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും, മതിയായ ലഭ്യതയും സ്ഥിരതയുള്ള വിലയും ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു. എഥനോൾ ഉൽപാദനത്തിനായി പഞ്ചസാര വകമാറ്റിയതാണ് വിലവർദ്ധനവിന് കാരണമെന്ന വാദം തെറ്റാണെന്നും മന്ത്രാലയം വ്യക്തമാക്കി.

****************************************

## BANGLADESH PREZ-OTH

ബംഗ്ലാദേശിന്റെ 23-ാമത് പ്രസിഡന്റായി ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാവ്, മിർസ ഫഖ്രുൽ ഇസ്ലാം ആലംഗീർ സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡന്റ് സ്ഥാനാർഥി ഒലി അഹമ്മദിനെതിരെ, 255 വോട്ടുകൾ നേടിയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. കഴിഞ്ഞ 35 വർഷത്തിനിടെ ആദ്യമായാണ് ബംഗ്ലാദേശ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഒന്നിലധികം സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്.

****************************************

## IRAN-US THREAT

അമേരിക്കയുടെ ഏത് ഭീഷണിക്കും ശക്തമായ മറുപടി നൽകുമെന്ന്, ഇറാൻ. ഇറാനിയൻ നേതൃത്വത്തിന്മേൽ സമ്മർദ്ദം ചെലുത്തുക എന്ന ലക്ഷ്യത്തോടെ, കഠിനമായ സാമ്പത്തിക ഉപരോധങ്ങൾ ഏർപ്പെടുത്തുമെന്ന്, യു.എസ് പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഇറാന്റെ പ്രതികരണം. ഇറാന് ഏതെങ്കിലും തരത്തിലുള്ള പിന്തുണ നൽകുന്ന രാജ്യങ്ങൾക്ക്, സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

****************************************

## RUSSIA-DRONE ATTACK

യുക്രൈനിലെ ക്രിവി റിഹിൽ ഷോപ്പിംഗ് സെന്ററിനു നേരെ നടന്ന റഷ്യൻ ഡ്രോൺ ആക്രമണത്തിൽ 16 പേർ കൊല്ലപ്പെട്ടു. 22 കുട്ടികൾ ഉൾപ്പടെ 130-ലധികം പേർക്ക് പരിക്കേറ്റു. റഷ്യൻ നഗരമായ പെർമിലെ എണ്ണ ശുദ്ധീകരണശാലയിലും വോൾഗോഗ്രാഡ് മേഖലയിലെ സൈനിക വിമാനത്താവളവത്തിലും യുക്രൈനും ആക്രമണം നടത്തി.

****************************************

## RAIN

കേരളത്തിൽ നാളെ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ ഈ മാസം 25 വരെ കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു.

****************************************

## KANNUR-BANK (INTRO)

വർധിച്ചുവരുന്ന സാമ്പത്തിക സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി വിവിധ ബാങ്കുകളുമായി ഒന്നിച്ച് പ്രവർത്തിക്കുമെന്ന് കണ്ണൂർ സിറ്റി പോലീസ്. കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ വി. ബി. വിജയഭാരത് റെഡ്ഡിയുടെ നേതൃത്വത്തിൽ നടന്ന ജില്ലയിലെ ബാങ്ക് മാനേജർമാരുടെ യോഗത്തിലാണ് തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.........**

(വോയിസ്)

****************************************

## HOCKEY-WORLD CUP

FIH ഹോക്കി ലോകകപ്പിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 7:30 നാണ് മത്സരം. പാകിസ്ഥാനെ 5-3 ന് പരാജയപ്പെടുത്തി ഇന്ത്യ പൂൾ ഡിയിൽ രണ്ടാം സ്ഥാനത്താണ്. ഇന്ത്യൻ വനിതാ ടീം ഇന്നലെ നെതർലൻഡ്സിനെതിരെ

ഏകപക്ഷീയമായ 2 ഗോളുകൾക്ക് പരാജയപ്പെട്ടു. നാളെ ഓസ്ട്രേലിയയുമായാണ് ഇന്ത്യൻ വനിതാ ടീമിന്റെ പോരാട്ടം.

****************************************

## NEERAJ CHOPRA-LAUSANNE DL

ഇന്ത്യൻ ജാവലിൻ താരം നീരജ് ചോപ്രക്ക് ലോസാൻ ഡയമണ്ട് ലീഗിൽ വെള്ളി മെഡൽ. സീസണിലെ തന്റെ ഏറ്റവും മികച്ച ദൂരമായ 88.05 മീറ്റർ എറിഞ്ഞാണ് നീരജ് രണ്ടാം സ്ഥാനം നേടിയത്. ശ്രീലങ്കയുടെ റുമേഷ് തരംഗക്കാണ് സ്വർണ്ണം.

****************************************

## BADMINTON

ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ വനിതാ ഡബിൾസ് സെമിയിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ഇന്ന് ചൈനീസ് ജോഡിയെ നേരിടും. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് സഖ്യം ക്വാർട്ടറിൽ, ചൈനയോട് പരാജയപ്പെട്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി.

****************************************

## INDIA-NEPAL-JWG MEETING

ഡെറാഡൂണിൽ നടന്ന ഇന്ത്യ-നേപ്പാൾ സംയുക്ത പ്രവർത്തക സമിതിയുടെ 14-ാമത് യോഗത്തിൽ ഇരുരാജ്യങ്ങളുടെയും ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ മേഖലകളും അവലോകനം ചെയ്തു. രണ്ടു ദിവസത്തെ യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി പൗസുമി ബസു ഇന്ത്യൻ സംഘത്തെ നയിച്ചു.